# Athmaraksha.org

മറ്റു ലേഖനങ്ങൾ

## പ്രൊ-ലൈഫ് അനുഭാവികളുടെ എണ്ണത്തിൽ അമേരിക്കയിൽ വൻ വർദ്ധനവ്




ടെക്സസ്: ഫ്രാൻസിസ് പാപ്പയുടെ അമേരിക്കൻ സന്ദർശനം ഫലം കണ്ടോ എന്നറിയാൻ മാരിസ്റ്റ് പോൾ നടത്തിയ സർവേയിൽ പ്രൊ-ലൈഫ് ആണെന്നും മനുഷ്യജീവൻ ഏതു ഘട്ടത്തിലും സംരക്ഷിക്കപ്പെടണമെന്നും വാദിക്കുന്നവരുടെ എണ്ണം അമേരിക്കയിൽ വൻതോതിൽ വർദ്ധിച്ചിരിക്കുന്നതായി റിപ്പോർട്ട്. പാപ്പായുടെ സന്ദർശനത്തിനുമുമ്പും ശേഷവും ശാസ്ത്രീയമായി നടത്തപ്പെട്ട സർവേയിലാണ് വൻവ്യത്യാസം കാണുവാനായത്. അടുത്തകാലത്തെങ്ങും പ്രകടമാകാത്തവിധം അമേരിക്കയിലെ 62 ശതമാനം വ്യക്തികൾ ഗർഭധാരണം മുതൽ മനുഷ്യജീവൻ സംരക്ഷിക്കപ്പെടണം എന്ന പ്രൊ-ലൈഫ് അനുഭാവമുള്ളവരാണെന്ന് തെളിഞ്ഞു. പ്ലാൻഡ് പേരന്റ് ഹുഡ് പോലുള്ള ഭീമൻ അബോർഷൻ ബിസിനസ്സുകൾ കാപട്യം കാണിക്കുന്നു എന്ന തിരിച്ചറിവ് ജനങ്ങളിൽ വ്യാപകമായതും ഇതിന് കാരണമായിട്ടുണ്ട്. സ്ത്രീ സംരക്ഷണത്തിന്റെ പേരിൽ മാധ്യമങ്ങൾ നടത്തുന്ന പ്രചാരണങ്ങളുടെ പിന്നിലെ ഹിഡൻ അജൻഡ ജനങ്ങൾക്ക് വലിയരീതിയിൽ മനസിലായതായും സർവേ വ്യക്തമാക്കുന്നു.

പ്രധാനമായു ഈ രണ്ടു കാരണങ്ങളാണ് ജനങ്ങളുടെ അഭിപ്രായത്തിൽ മാറ്റമുണ്ടാകുവാൻ കാരണമായി സർവേ അവതരിപ്പിച്ചത്. കഴിഞ്ഞ മൂന്ന് നാല് മാസത്തിനുള്ളിൽ പ്രൊ-ലൈഫ് അനുഭാവികളുടെ എണ്ണത്തിൽ പത്തുശതമാനത്തോളം വർദ്ധനവാണ് ഉണ്ടായിരിക്കുന്നത്. ഇക്കാര്യത്തിൽ കത്തോലിക്കരുടെ ഇടയിലെ വൻ വ്യത്യാസമാണ് ഫ്രാൻസിസ് ഇഫക്ടായി വിശദീകരിക്കപ്പെട്ടത്. മതസ്വാതന്ത്ര്യം അനുവദിക്കപ്പെടണമെന്ന അഭിപ്രായവും വലിയ തോതിൽ ചലനം കാണിക്കുന്നു. സ്വവർഗ്ഗാനുരാഗം പോലുള്ള പ്രവണതകളെ ജനം അത്രയധികമായി പിന്തുണക്കുന്നില്ല എന്നതും സർവേ വ്യക്തമാക്കുന്നുണ്ട്. റാൻഡം ആയി തിരഞ്ഞെടുക്കപ്പെട്ട അമേരിക്കയുടെ പല ഭാഗത്തുനിന്നുള്ളവരാണ് സർവേയിൽ പങ്കെടുത്തത്. ജീവിതത്തിന്റെ എല്ലാ തുറകളിൽനിന്നുമുള്ളവരെ ഇതിൽ ഉൾപ്പെടുത്തിയിരുന്നു.

രാഷ്ട്രീയമായി പാപ്പയുടെ സന്ദർശനത്തെ കണ്ടവർ വളരെ ചുരുക്കമാണ്. ഫ്രാൻസിസ് പാപ്പയുടെ വീക്ഷണങ്ങളോട് യോജിക്കുന്നവരുടെ എണ്ണത്തിലും വൻവർദ്ധനവുണ്ട്. സമ്പത്ത് പങ്കുവയ്ക്കപ്പെടണമെന്ന ആശയവും പാവങ്ങളോട് ഐക്യദാർഢ്യം വേണമെന്ന് സമ്മതിക്കുന്നവരും ഏറെ. ഏതെങ്കിലും തരത്തിൽ മാധ്യമങ്ങളിലൂടെ പാപ്പയുടെ അമേരിക്കൻ സന്ദർശനം കണ്ടവരുടെ സംഖ്യയും ആരെയും അത്ഭുതപ്പെടുത്തുന്നതാണ്. 96 ശതമാനം കത്തോലിക്കർ ഈ സംഭവത്തെ അടുത്തു വീക്ഷിച്ചവരാണ്

എന്ന സർവേഫലവും പ്രതീക്ഷനൽകുന്നുണ്ട്. വധശിക്ഷയെക്കുറിച്ച് പാപ്പയോട് വിയോജിക്കുന്നവരുടെ എണ്ണത്തിലുള്ള വ്യത്യാസവും ശ്രദ്ധിക്കേണ്ടതാണ്. കാരണം 41 ശതമാനം മാത്രമാണ് വധശിക്ഷയോട് വിയോജിക്കുന്നതായി സമ്മതിച്ചത്.